

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025 - 26



ചെമ്പകശ്ശേരി യുപിഎസ്

# വിദ്യാലയ ചരിത്രം

കൊല്ലം ജില്ലയിലെ തെക്കുഭാഗത്തുള്ള ഭൂതക്കുളം പഞ്ചായത്തിലെ പുന്നക്കുളം വാർഡിൽ ചെമ്പകശ്ശേരി യുപി സ്കൂൾ സ്ഥിതി ചെയ്യുന്നു. മൈലവിള ഊന്നിൻമൂട് പുതുവൽ പുന്നേകുളം എന്നിവയാണ് ഈ വിദ്യാലയത്തിന്റെ ഫീഡിങ് ഏരിയ. സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച ശ്രീ ആർ അച്യുതൻ ex mp അവർകളാണ് ഈ വിദ്യാലയത്തിന്റെ സ്ഥാപക മാനേജർ. 1931ൽ ഒരു നിശാപാഠശാലയായി ആരംഭിച്ച ഈ വിദ്യാലയം ഇന്ന് പ്രീ പ്രൈമറി മുതൽ ഹയർ സെക്കൻഡറി ടിടിഐ തലം വരെയുള്ള സ്കൂളുകൾ ഉൾപ്പെടുന്ന ഒരു വിദ്യാലയ സമുച്ചയം ആയി മാറി. പാഠ്യേതര വിഷയങ്ങളിൽ എന്നപോലെ പാഠ്യേതര പ്രവർത്തനങ്ങളിലും ഈ സ്കൂളിലെ വിദ്യാർഥികൾ മികച്ച വിജയം കരസ്ഥമാക്കി കൊണ്ടിരിക്കുന്നു സാമൂഹിക സാംസ്കാരിക സാമ്പത്തിക വിദ്യാഭ്യാസ മേഖലകളിൽ പിന്നോക്കാവസ്ഥയിലുള്ള ജനവിഭാഗങ്ങളിൽ വമ്പിച്ച മാറ്റങ്ങൾ സൃഷ്ടിക്കാൻ ഈ വിദ്യാലയത്തിന്റെ മികവുറ്റ പ്രവർത്തനങ്ങളിലൂടെ സാധിച്ചു.

ഇന്ന് ഈ സ്കൂളിൽ അദ്ധ്യായം നടത്തുന്ന കുട്ടികളിൽ മൂന്നിലൊന്നും പട്ടികജാതി വിഭാഗത്തിൽ പെടുന്നവരാണ് അധ്യായനത്തിലും കലാകായികരംഗത്തും സാമൂഹിക രാഷ്ട്രീയ രംഗങ്ങളിലും ഉന്നതങ്ങളിൽ എത്തിയ ഒട്ടനവധി വ്യക്തികൾ ഞങ്ങളുടെ വിദ്യാലയത്തിൽ അധ്യായം നടത്തിയവരാണ്

# ആമുഖം

പൊതുവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ കൂടുതൽ മെച്ചപ്പെടുത്തുക. സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളെയും വിദ്യാലയ/ പഠനപ്രവർത്തനങ്ങളുടെ ഭാഗമാക്കുക എന്ന വിശാലമായ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് പദ്ധതി രൂപീകരിക്കുന്നത്. 2024-25 അധ്യയനവർഷത്തിൽ എല്ലാ കുട്ടികളെയും ഉൾക്കൊള്ളുന്നതും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രാധാന്യം നൽകി അവരെ ഉയർന്ന നിലവാരത്തിൽ എത്തിക്കാനും അനുയോജ്യമായ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിയിരിക്കുന്നു.

എഴുത്ത്, വായന, ഗണിത ശേഷികൾ ശാസ്ത്ര ശേഷികൾ മറ്റ് അക്കാദമിക നേട്ടങ്ങൾ എന്നതിനോടൊപ്പം കുട്ടിയുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കുടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യം ഇടുന്നത്. പുതിയ വർഷത്തിൽ ഭാഷയിലും ശാസ്ത്രത്തിലും ഗണിതത്തിലും കൂടുതൽ അവബോധം ഉണ്ടാക്കാൻ ഈ പ്രവർത്തനങ്ങൾ മൂലം ഓരോ കുട്ടിക്കും സാധ്യമാക്കുന്നു.

പഠനപ്രവർത്തനങ്ങൾ ശിശുസൗഹാർദ്ദപരവും കൂടുതൽ ആസ്വാദ്യകരമാക്കി മാറ്റാനും അതോടൊപ്പം രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പ് വരുത്താനും പദ്ധതി ലക്ഷ്യമിടുന്നു. കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും ആഗ്രഹിക്കുന്നത്.

Pre Primary മുതൽ ഏഴാം ക്ലാസ് വരെ ഉള്ള കുട്ടികളിൽ നിലവാരമുയർത്തുക എന്ന ലക്ഷ്യത്തോടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നതിനാൽ 1 & 2, 3 & 4 UP വിവിധ വിഷയങ്ങൾ എന്ന ക്രമത്തിലാണ് പ്ലാൻ വിഭാവനം ചെയ്തിരിക്കുന്നത്.

# മലയാളം

# ക്ലാസ്സ് 1 & 2

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| 1. ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും വായനയിൽ മികവുള്ളവരാക്കുക | 1 . വായനോത്സവം (ഒന്നാം ക്ലാസിൽ / രണ്ടാം ക്ലാസ്സിൽ)<br>ഘട്ടം I<br>1. രക്ഷിതാക്കൾ കഥ വായിച്ചു കേൾപ്പിക്കുക (വർഷം മുഴുവൻ വായന )<br>2. സംയുക്ത വായന( രക്ഷിതാവും കുട്ടിയും)<br>3. സഹവർത്തിത വായന ( കുട്ടിയും കൂട്ടുകാരും)<br>4. തനിച്ച് വായന<br>2 . ക്ലാസ് ലൈബ്രറി ശക്തമാക്കൽ<br>3 . കഥ ശില്പശാല<br>4 . ചിത്ര കാർഡുകൾ വായന കാർഡുകൾ ശില്പശാല<br>5 . ഡിജിറ്റൽ സാധ്യതകളിൽ ഊന്നി കഥ കാണാനും കേൾക്കാനും പുനരവതരണത്തിനുമുള്ള സാധ്യത ഒരുക്കൽ | വർഷം മുഴുവൻ | |

| | | | |
|---|---|---|---|
| 2. ലളിതമായ ബാലസാഹിത്യകൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാകുക | 1. റീഡേഴ്സ് തിയേറ്റർ വായന കേളികൾ എന്നിവ ഉപയോഗിച്ചു വായനയിലേക്ക് കുട്ടികളെ ആകൃഷ്ടരാക്കൽ<br>2. ചിത്ര വായന നടത്തി പ്രസക്തമായ കാര്യങ്ങൾ വാചികമായി പങ്കിടുന്നു<br>3. ലളിതമായ വായനാ കാർഡുകൾ സഹായത്തോടെ വായിക്കുന്നു<br>4. ചെറിയ ചെറിയ ബാലസാഹിത്യകൃതികൾ ക്ലാസ് ലൈബ്രറിയിൽ ഒരുക്കുന്നു<br>5. കുട്ടികൾ രക്ഷിതാക്കളുടെ സഹായത്തോടെ വായിക്കുന്നു<br>6. ക്ലാസ് റൂം വായനയിൽ താളാത്മക വായന പ്രയോജനപ്പെടുത്തുന്നു<br>7. അമ്മ വായന<br>8. കുഞ്ഞു പുസ്തകങ്ങൾ/ വായന കാർഡുകൾ തനിയെ വായന<br>9. ചിത്രകഥ പുസ്തകങ്ങൾ വായിക്കുന്നു നവമാധ്യമങ്ങളിലൂടെ പങ്കിടുന്നു | ജൂൺ - ആഗസ്റ്റ് | |

| | | | |
|---|---|---|---|
| 3. ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പുവരുത്തുക | 1. ചിത്രങ്ങൾക്ക് രക്ഷിതാവിന്റെ സഹായത്തോടെ അടിക്കുറിപ്പ് എഴുതൽ<br>2. എല്ലാ ആഴ്ചയിലും പങ്കാളിത്ത പാഠങ്ങൾ. (ചോദ്യങ്ങളിലൂടെ രൂപപ്പെടുത്തുന്നു ലഘു പാഠങ്ങൾ)<br>3. ഡയറി എഴുത്ത് (സഹായത്തോടെ)<br>4. കാർട്ടൂണുകൾക്ക് സംഭാഷണം എഴുതൽ<br>5. കഥ പൂരിപ്പിക്കൽ<br>6. കത്തെഴുത്ത് : കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കുന്നതിനുള്ള ലഘുരചന ശില്പശാലകൾ<br>7. വീഡിയോ പാഠങ്ങൾ : ലഘു വീഡിയോ പ്രദർശിപ്പിച്ച് അതിൽനിന്നും ചോദ്യങ്ങളിലൂടെ പങ്കാളിത്ത പഠനങ്ങൾ നിർമ്മിക്കൽ (ആദ്യം അറിയാവുന്ന രീതിയിൽ കുട്ടി എഴുതുന്നു പിന്നെ ടീച്ചേഴ്സ് നോക്കി മെച്ചപ്പെടുത്തുന്നു)<br>8. ക്ഷണക്കത്ത് നിർമ്മാണം<br>9. രചനോത്സവം<br>10. ആശംസ കാർഡ് നിർമ്മാണം | ആഗസ്റ്റ് - മാർച്ച്<br><br>സെപ്റ്റംബർ | |

| | | | |
|---|---|---|---|
| 4. രക്ഷിതാക്കളുടെ സഹായത്തോടെ സചിത്ര നോട്ടുബുക്കുകൾ സംയുക്ത ഡയറികൾ എന്നിവ തയ്യാറാക്കുക | 1. സംയുക്ത ഡയറി എന്ത്? എങ്ങനെ? രക്ഷിതാക്കൾക്ക് ബോധവൽക്കരണം. ശില്പശാല.<br>• മുൻവർഷം ഡയറി എഴുതിയ കുട്ടികളുടെ അനുഭവം പങ്കുവെക്കൽ.<br>• രക്ഷിതാവിന്റെ അഭിപ്രായം പങ്കുവെക്കൽ<br>2. സചിത്ര നോട്ട്ബുക്ക് കുഞ്ഞെഴുത്ത് ( STD 1) രചന<br>3. സംയുക്ത ഡയറി രചന<br>4. സച്ചിത്രനോട് ബുക്ക് / കുഞ്ഞെഴുത്ത് സംയുക്ത ഡയറി അവലോകനം പ്രദർശനം | ജൂലൈ | |
| 5. സ്വതന്ത്ര സർഗാത്മക കഴിവുകളുടെ അവതരണത്തിന് അവസരമൊരുക്കി വ്യക്തിത്വവികാസം | 1. റീഡേഴ്സ് തിയറ്റർ, വായനാകേളികൾ<br>2. കഥയുടെ പുനര അവതരണം വ്യത്യസ്ത വ്യവഹാര രൂപങ്ങളിലൂടെയും സഹായത്തോടെ യും അവതരിപ്പിക്കാൻ അവസരം (പാവ കളി, സ്കിറ്റ്) | മാർച്ച് | |

| | | | |
|---|---|---|---|
| സാധ്യമാക്കുക | 3. വേദികളിൽ സ്വതന്ത്രമായി കഥപറയൽ<br>4. കുഞ്ഞു കഥ ചിത്രത്തെ അടിസ്ഥാനമാക്കി കുട്ടി പറയുന്ന കഥ ടീച്ചറും രക്ഷിതാക്കളും എഴുതുന്നു കുട്ടി സഹായത്തോടെ വായിക്കുന്നു<br>5. കുട്ടികൾ നിർമ്മിച്ച കഥകളുടെ പ്രകാശനം<br>6. പട്ടരങ്ങ്<br>7. പാട്ട് പൂക്കളം ഓണവുമായി ബന്ധപ്പെട്ട പാട്ട് ശേഖരണം അവതരണം<br>8. കുട്ടിപ്പുര നിർമ്മാണം<br>9. കഥോത്സവം<br>10. ബാലസഭ<br>11. ഇല രൂപങ്ങൾ<br>12. കളിപ്പാട്ട നിർമ്മാണ ശില്പശാല | ജൂലൈ - മാർച്ച് | |
| 6. രക്ഷിതാക്കളുടെ പിന്തുണയും പങ്കാളിത്തവും ഉറപ്പാക്കുന്നതിനുള്ള രീതി ശാസ്ത്രം വികസിപ്പിക്കുക | 1. പഠനോപകരണ നിർമ്മാണ ശില്പശാല<br>2. അമ്മ വായന<br>3. സംയുക്ത ഡയറി രചന<br>4. കളിപ്പാട്ട നിർമ്മാണ ശില്പശാല | ഒക്ടോബർ | |

# ENGLISH
# CLASS 1 & 2

| AIM | ACTIVITIES | TIME | TEACHER IN CHARGE |
|---|---|---|---|
| 1. To develop speaking and listening skills. | ❖ **LISTENING SKILL**<br>1.Action songs<br>2. Listening to video of simple English stories and identifying the characters of the story<br>3. Providing audio of simple English songs and cartoons to listen<br>4. Hello English activities<br>5. Classroom games: listen to the teacher talks and act accordingly<br>6. Listening games<br>• Listen and a point: show students pictures of or flash cards with vocabulary words saved and have students point to thecorresponding picture<br>• Listening Bingo: creative Bingo cards with pictures or vocabulary words or descriptions and have a student mark the corresponding pictures<br>• Story Sequencing: read a simple story with pictures ask students to the to put the story events in order<br>• Listen and draw: Give instructions to draw something students | June – July<br><br>JUNE – JULY | |

| | | | |
|---|---|---|---|
| 2. Develop creative speaking and writing | draw according to the instructions<br>• Simon sees with vocabulary : use vocabulary words in "Simon says" commands.<br><br>❖ **SPEAKING SKILL**<br>1. Try to conduct classroom exchange and communication in English only.<br>2. Make Simple sentences using action words and naming words about pictures<br>3. Growing sentences<br>4. Self introduction<br>5. Role playing<br>6. Story telling<br>7. **Picture description:** display a picture and ask the learners to describe what they see.<br>8. Vocabulary games<br>• **Vocabulary charades:** write a vocabulary words or slips of paper students act out the word without speaking classmates gues the word<br>• **Telephone:** Divide students into two lines Whisper and a | **JUNE – MARCH** | |

| | | | |
|---|---|---|---|
| 3. Comprehend and enjoy simple stories | message to the first student who then Whisper it to the next and so on compare the original message to the final message.<br>9. **Interview a friend:** pair students up to interview each other.<br>10. **Record and listen:** record students speaking then play it back encourages self reflection and improvement.<br>11. **Simple debates:** introduce symbol debate topics. Encourages students to express there opinion and listen to others.<br>❖ **READING SKILL**<br>1. Read simple reading cards.<br>2. Riddle games<br>3. **Story sequencing :** use picture cards to retell stories practicing narrative skills<br>4. Beehive activities (std1)<br>5. Chain reading<br>6. **Reading Scavenger Hunt :** hide words or phrases around the classroom or school give students a list of chies to find the words<br>7. Readers theatre<br>8. Rhymes and songs: Singh single songs and recite to develop phonological awareness and fluency | **AUGUST – MARCH** | |

| | | | |
|---|---|---|---|
| 4. To express thoughts feelings etc.<br>5. To write different discourses and confidently present etc | 9. Workshops<br>• Reading card making<br>• Origami<br>• Collections<br><br>❖ **WRITING SKILL**<br>1. Word web making.<br>2. Word chain, sentences chain<br>3. Sentences building use the word cards or magnetic letters to create a sentence<br>4. Conversation/ cartoon writing<br>5. Add more lines<br>6. Picture description<br>7. Simple story writing<br>8. Writing workshops<br>9. Word families (introduce word families example at an)<br>10. English magazine making | **AUGUST - MARCH** | |

# ഗണിതം

# 1&2

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| 1. പഠന നേട്ടത്തെ അടിസ്ഥാനമാക്കി അടിസ്ഥാന ഗണിത ക്രിയകൾ ഉറപ്പിക്കുക | 1. പാഠഭാഗവുമായി ബന്ധപ്പെടുത്തി രക്ഷിതാക്കളുടെ സഹായത്താൽ പഠനോപകരണ നിർമ്മാണ ശില്പശാലകൾ സംഘടിപ്പിക്കുന്നു | ജൂൺ - ജൂലൈ | |
| 2. കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിത പഠനം ലളിതമാക്കുക | 2. മഞ്ചാടി സഞ്ചി നിർമ്മാണം | | |
| 3. ഗണിത കിറ്റിന്റെ ഉപയോഗത്തോടെ ഗണിതശേഷികൾ ആർജിക്കുക | 3. കുഞ്ഞു പുസ്തകം നിർമ്മാണം (std 1) | | |
| 4. ഗണിതത്തെ നിത്യജീവിതവുമായി | 4. ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം – ശില്പശാല. | ആഗസ്റ്റ് - സെപ്റ്റമ്പർ | |

| | | | |
|---|---|---|---|
| ബന്ധപ്പെടുത്തുക<br><br>5. ആധുനിക സാങ്കേതികവിദ്യകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക | 5. ജ്യാമിതീയ രൂപങ്ങൾ ഉപയോഗിച്ച് വീടുകൾ(std 2)<br>6. ടാൻഗ്രാം നിർമ്മാണം<br>7. സംഖ്യാ കാർഡ് നിർമ്മാണം<br>8. സംഖ്യാ രൂപീകരിക്കൽ (ELPS)<br>9. കൂട്ടങ്ങളാക്കൽ<br>10. ക്ലാസിൽ ഒരു കട സ്കൂളിൽ ഒരു കട ഗണിതശയങ്ങൾ പ്രായോഗിക രീതിയിലൂടെ ഉറപ്പിക്കൽ<br>11. വില വിവര പട്ടിക തയ്യാറാക്കൽ<br>12. കലണ്ടർ പരിചയപ്പെടൽ<br>13. രസിത ഗണിതം, ഗണിത പാട്ടുകൾ/ കഥകൾ,ശേഖരണം, അവതരണം.<br>14. ഗണിത ചിന്ത വളർത്തുന്ന പ്രവർത്തനങ്ങളുടെ ക്ലാസ് റൂം സാധ്യതകൾ കൂടുതൽ പ്രയോജനപ്പെടുത്തുന്നു( | **ഒക്ടോബർ - മാർച്ച്** | |
| 6. ഗണിത മൂലകൾ ഗണിത ലാമ്പുകൾ എന്നിവയുടെ സാധ്യതകൾ കണ്ടെത്തി ഗണിത പഠനം ആസ്വാദ്യകരമാക്കുക | പാറ്റേൺ, സ്വീക്ൻസ് etc)<br>15. ഗണിത ക്യാമ്പ് സംഘടിപ്പിക്കുക.<br>16. ഗണിത മാഗസിൻ നിർമ്മാണം | **മാർച്ച്** | |

# പരിസരപഠനം
# 1&2

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| 1. പ്രകൃതിയെ അറിയുന്നതിനും ആസ്വാദ്യകരമാക്കുന്നതിനും അവസരം ഒരുക്കുക. | 1. പ്രകൃതി നടത്തം | ജൂൺ | ശാസ്ത്ര അദ്ധ്യാപിക |
| 2. ശാസ്ത്ര പഠനം രസകരമാക്കുക | 2. സ്കൂളിൽ പൂന്തോട്ട നിർമ്മാണം. | ജൂൺ - മാർച്ച് | |
| 3. പ്രക്രിയശേഷികളുടെ വികസനം സാധ്യമാക്കുക | 3. ശേഖരണം (തൂവൽ, പൂക്കൾ ) | | |
| 4. കുട്ടികളിൽ ശാസ്ത്രഭിരുചി വളർത്തുക. | 4. പ്രദർശനം. | | |
| 5. ലഘു പ്രോജക്ടുകൾ. സെമിനാറുകൾ എന്നിവയിൽ പങ്കെടുത്ത് ശാസ്ത്ര പഠനം | 5. പച്ചക്കറികൾ പഴവർഗ്ഗങ്ങൾ കിഴങ്ങുകൾ എന്നിവ നേരിട്ട് കണ്ടറിയാൻ അവസരം | നവംബർ | |

| | | | |
|---|---|---|---|
| കൗതുകകരമാക്കുക<br><br>6. ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താല്പര്യവും വളർത്തുക<br><br>7. ശാസ്ത്ര പരീക്ഷണങ്ങളിലൂടെ ശാസ്ത്രത്തെ തിരിച്ചറിയാനുള്ള അവസരം ഒരുക്കുക. | 6. നേർനുഭവം ഒരുക്കൽ<br><br>7. സ്കൂളിൽ ഔഷധത്തോട്ട നിർമ്മാണം<br><br>8. ലഘു പരീക്ഷണങ്ങൾ പരിചയപ്പെടുത്തൽ<br>9. നിരീക്ഷണം (പറവകൾ പൂക്കൾ പുഴു മണ്ണിര etc<br>10. ശാസ്ത്ര മാഗസിൻ നിർമ്മാണം<br>11. ചെറു പ്രോജക്ടുകൾ സെമിനാറുകൾ എന്നിവയിൽ പങ്കാളിത്തം ഉറപ്പുവരുത്തുക.<br>12. "ശാസ്ത്ര കൗതുകം" പത്രനിർമ്മാണം | **ജൂൺ - മാർച്ച്** | |

# മലയാളം

# ക്ലാസ്സ് 3 & 4

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| 1. മികച്ച ഭാഷയിൽ എഴുതുന്നതിനും ഒഴുക്കോടെ സ്വതന്ത്ര വായന നടത്തുന്നതിനും കൃത്യമായ സന്ദർഭങ്ങളിൽ വേണ്ടവിധം ഭാഷാ ശേഷി പ്രയോഗിക്കുന്നതിനുള്ള ശേഷി നേടുക. | 1. ക്ലാസ് ലൈബ്രറി ഒരുക്കൽ<br>2. ക്ലാസ് വായനാ കൂട്ടം രൂപീകരിക്കൽ<br>3. വായനാക്കുറിപ്പ് തയ്യാറാക്കൽ- അവതരണം<br>4. ചിത്രം നിരീക്ഷിച്ച് കഥയെഴുത്ത്<br>5. വായ്ത്താരി ചേർത്ത് പാട്ടുകൾ പാടുന്നു. | ജൂലൈ – ആഗസ്റ്റ് | |
| 2. ഭാഷാപരമായ പ്രവർത്തനങ്ങളിലൂടെ സർഗാത്മക കഴിവുകൾ വികസിപ്പിക്കുക. | 6. ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ അവതരണം<br>തലക്കെട്ട് നൽകൽ<br>ഈണം കണ്ടെത്തൽ<br>ബാലസഭ. | | |

| | | | |
|---|---|---|---|
| 3. ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ (പ്രത്യേക പാക്കേജ് ). | 7. വായന കാർഡ് തയ്യാറാക്കൽ വായിച്ച് അവതരിപ്പിക്കൽ<br>വളരുന്ന വാചകം<br>പദസൂര്യൻ ചിത്രം നിരീക്ഷിച്ച് കഥപറയൽ | | |
| 4. വായിക്കാൻ വളരാൻ (വായനശേഷി ഉയർത്തൽ ). | 8. കഥ ശേഖരിക്കൽ<br>കടങ്കഥ പയറ്റ്<br>റോൾപ്ലേ ദൃശ്യാവിഷ്കാരം. | | |
| 5. കവിതകളും പാട്ടുകളും ആശയക്തതയോടെ താളാത്മകമായി ചൊല്ലി അവതരിപ്പിക്കുക. | 9. കുട്ടി കവിതകൾ ശേഖരിക്കൽ അവതരിപ്പിക്കൽ<br>നാടൻ പാട്ടുകൾ ശേഖരണം വരികൾ കൂട്ടിച്ചേർത്ത് കവിതയെഴുത്ത് ആഹാരവുമായി ബന്ധപ്പെട്ട പാട്ടുകൾ ശേഖരിച്ച് പതിപ്പ് തയ്യാറാക്കൽ<br>കൃഷി പാട്ട് പാടുന്നു<br>നാടൻ പാട്ട് ശില്പശാല. | | |
| 6. വിവിധ രൂപങ്ങളിലുള്ള സൃഷ്ടികൾ | 10. കത്തെഴുത്ത് ആശംസ കാർഡ് നിർമ്മാണം<br>അനുഭവക്കുറിപ്പ്<br>• കവിത എഴുത്ത് | | |

| | | | |
|---|---|---|---|
| കൃതികൾ എന്നിവ വായിച്ച് ആസ്വദിക്കാനും അവതരിപ്പിക്കാനുള്ള ശേഷി നേടുക. | • കഥയെഴുത്ത്<br>• സ്വതന്ത്ര രചന. | | |
| 7. വിവിധ സാഹിത്യ രൂപങ്ങളിൽ ഉള്ള സൃഷ്ടികൾ നടത്താൻ ശേഷി നേടുക. | | | |

# പരിസരപഠനം

# 3&4

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| 1. പ്രകൃതിയെ അറിയുന്നതിനും ആസ്വാദ്യകരമാക്കുന്നതിനും അവസരം ഒരുക്കുക. | 1. പ്രകൃതി നടത്തം | **ജൂൺ** | |
| 2. ശാസ്ത്ര പഠനം രസകരമാക്കുക | 2. സ്കൂളിൽ പൂന്തോട്ട നിർമ്മാണം. | **ജൂൺ - മാർച്ച്** | |
| 3. പ്രക്രിയശേഷികളുടെ വികസനം സാധ്യമാക്കുക | 3. ശേഖരണം (തൂവൽ, പൂക്കൾ ) | | |
| 4. കുട്ടികളിൽ ശാസ്ത്രഭിരുചി വളർത്തുക. | 4. പ്രദർശനം. | | |
| 5. ലഘു പ്രോജക്റ്റുകൾ. സെമിനാറുകൾ എന്നിവയിൽ പങ്കെടുത്ത് ശാസ്ത്ര പഠനം | 5. പച്ചക്കറികൾ പഴവർഗ്ഗങ്ങൾ കിഴങ്ങുകൾ എന്നിവ നേരിട്ട് കണ്ടറിയാൻ അവസരം | **നവംബർ** | |

| | | | |
|---|---|---|---|
| കൗതുകകരമാക്കുക<br><br>6. ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താല്പര്യവും വളർത്തുക<br><br>7. ശാസ്ത്ര പരീക്ഷണങ്ങളിലൂടെ ശാസ്ത്രത്തെ തിരിച്ചറിയാനുള്ള അവസരം ഒരുക്കുക. | 6. നേർനുഭവം ഒരുക്കൽ<br><br>7. സ്കൂളിൽ ഔഷധത്തോട്ട നിർമ്മാണം<br><br>8. ലഘു പരീക്ഷണങ്ങൾ പരിചയപ്പെടുത്തൽ<br>9. നിരീക്ഷണം (പറവകൾ പൂക്കൾ പുഴു മണ്ണിര etc<br>10. ശാസ്ത്ര മാഗസിൻ നിർമ്മാണം<br>11. ചെറു പ്രോജക്ടുകൾ സെമിനാറുകൾ എന്നിവയിൽ പങ്കാളിത്തം ഉറപ്പുവരുത്തുക.<br>12. "ശാസ്ത്ര കൗതുകം" പത്രനിർമ്മാണം | **ജൂൺ - മാർച്ച്** | |

# ENGLISH

# CLASS 3 & 4

| AIM | ACTIVITIES | TIME | TEACHERS IN CHARGE |
|---|---|---|---|
| 1. To speak read and write English without mistakes<br><br>2. Developer creative speaking and writing<br><br>3. Apply different strategies to create interest in English learning<br><br>4. Listen to audio clips and comprehends replies to the questions<br><br>5. Independent speaking in different situations | 1. a. Shows simple picture story cards<br>• Read story<br>• Role play<br>• Conversation<br>• Describe the picture<br>• Write description<br>2. a. Use only English in classroom<br>• Self introduction<br>• Action songs<br>• Poems<br>• Games<br>• Rhyming words<br>• One day one word<br>• Growing dictionary<br>• My English world<br>3. a. Listen audio songs and play<br>• Making riddles<br>• Action songs | **JUNE – JULY**<br><br>**AUGUST – OCTOBER** | |

| | | | |
|---|---|---|---|
| 6. Reads and comprehends simple stories and reading cards<br><br>7. Engage in different games to achieve the physical mental and learning development | • Games<br>• Add more lines<br>• Collecting simple songs<br>4. a. Listen audio stories<br>• Identifying theme characters<br>• Hello English activities<br>• Stories sequencing<br>• Listen and draw<br>5. a. Describe a thing<br>• Write a vocabulary word on a strip of paper students act out the word without speaking classmates just that word<br>• Telephone divided student into two lines Whisper the message to the first student who then Whisper it to the next and show on compare the message to the final messages<br>• Interview a friend<br>• Record and listen<br>6.a. Reading newspaper<br>• Reading card making and reading<br>• Making riddles<br>• Sequencing the events in the story | **AUGUST - MARCH** | |
| | • Readers theatre<br>• Play and Sing audio songs<br>• Choreograph the poem | | |

# ഗണിതം

# 3&4

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| 1. അടിസ്ഥാന ഗണിതക്രിയകൾ ഉറപ്പാക്കുക.<br><br>2. ഗണിതത്തെ ജീവിതവുമായി ബന്ധിപ്പിച്ച് ഗണിത പഠനം രസകരമാക്കുക.<br><br>3. യുക്തിചിന്ത ഗണിത ചിന്ത വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.<br><br>4. ഗണിത പഠനം ഉല്ലാസപ്രദവും കൗതുകകരവു മാക്കി ഗണിതശേഷികൾ ഉറപ്പിക്കുക. | 1. ഗണിത പെട്ടി/ ഗണിത മൂല സജ്ജമാക്കൽ<br>2. എന്നിവ തിരിച്ചറിഞ്ഞ് രൂപങ്ങൾ നിർമ്മിക്കൽ<br>3. ജോമട്രിക്കൽ ഡയഗ്രാം വരക്കൽ.<br>4. ചതുരം ത്രികോണം എന്നിവയുടെ ചുറ്റളവ് കണ്ടെത്തൽ.<br>5. ചുറ്റളവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ നിർദാരണം -ICT സാധ്യത.<br>6. മൂന്നക്ക സംഖ്യകൾ പരിചയപ്പെടൽ വ്യാഖ്യാനിക്കൽ.<br>7. കളി നോട്ടുകൾ ഉപയോഗിച്ച് ഗണിതകേളികൾ പ്രശ്നനിർധാരണം എന്നിവ നടത്തുന്നു.<br>8. അബാക്കസ് നിർമ്മാണം.<br>9. ഗണിത വിജയം കളികൾ.<br>10. നാലക്ക സംഖ്യകളുടെ സംഖ്യാബോധം വ്യാഖ്യാനം | ജൂൺ - ആഗസ്റ്റ്<br><br>ഒക്ടോബർ - മാർച്ച് | |

| | | | |
|---|---|---|---|
| 5. ഗണിതശേഷി വികസിപ്പിക്കുന്നതിനായി ആധുനിക സാങ്കേതിക വിദ്യകളുടെ സാധ്യതകളെ പ്രയോജനപ്പെടുത്തുക.<br><br>6. ഗണിത ലാബ് തയ്യാറാക്കി പഠനം ആസ്വാദ്യകരമാക്കുക. | 11. നാലക്ക സംഖ്യകളുടെ സങ്കലനം വ്യവകലനം പ്രായോഗിക പ്രശ്നനിർധാരണം.<br><br>12. പാറ്റേൺ നിർമ്മാണം.<br><br>13. റോമൻ സംഖ്യ സമ്പ്രദായം പരിചയപ്പെടൽ.<br><br>14.<br>15. അരവിന്ദ് ഗുപ്ത കാർഡ് ഉപയോഗിച്ച് സംഖ്യാ നിർമ്മാണം.<br><br>16. സംഖ്യ കാർഡ് കളി<br><br>17. ക്ലോക്ക് നോക്കി സമയം പറയൽ<br><br>18. സമയദയിരിക്കും കണ്ടെത്തൽ<br><br>19. മിനിറ്റിന് സെക്കൻഡ് മായും മണിക്കൂർ മായുള്ള ബന്ധം കണ്ടെത്തൽ<br><br>20. 24 മണിക്കൂർ ക്ലോക്കിൽ നൽകിയ സമയം 12 മണിക്കൂർ ക്ലോക്കിലേക്ക് തിരിച്ചും മാറ്റി പറയുന്നു<br><br>21. ബ്ലാക്ക് ആൻഡ് വൈറ്റ് ചാർട്ട് ഉപയോഗിച്ച് സമയക്രമം തയ്യാറാക്കുന്നു(AM, PM)<br><br>22. കലണ്ടർ പ്രശ്നം നിർദ്ധാരണം | | |

| | | | |
|---|---|---|---|
| 7. ഗണിതം നിത്യജീവിതത്തിൽ' കണ്ടെത്തി ഗണിതത്തെ ജീവിതവുമായി ബന്ധിപ്പിക്കുക.<br><br>8. ഗണിത അസംബ്ലി ഗണിത സഹവാസ ക്യാമ്പുകൾ എന്നിവ സംഘടിപ്പിച്ച ഗണിത പഠനം മധുരതരമാക്കുക. | 23. സ്കെയിൽ നിർമ്മാണം അളക്കൽ.<br><br>24. കുട്ടികളുടെ ഉയരം തൂക്കം എന്നിവ അളക്കൽ<br><br>25. നീളം അളക്കുന്നതിനുള്ള ഏകകം കണ്ടെത്തൽ<br><br>26. Quuntal, ton എന്നീ യൂണിറ്റുകളെ തിരിച്ചറിയൽ<br><br>27. അളവ് പാത്രങ്ങൾ ക്രമീകരിക്കുന്നു അളക്കുന്നു<br><br>28. ഗുണന വസ്തുത കാർഡ് നിർമ്മാണം<br><br>29. ഗുണന പട്ടിക രൂപീകരിക്കൽ<br><br>30. ഗുണന പ്രായോഗിക പ്രശ്നനിർധാരണം<br><br>31. മന ഗണിത സാധ്യത<br><br>32. ഗണിത അസംബ്ലി<br><br>33. ICT മാക്സ് ജിയോജിബ്ര പരിചയപ്പെടൽ<br><br>34. ഹരണം ഏണിയും പാമ്പും കളിയിലൂടെ<br><br>35. പാറ്റേൺ രൂപീകരണം<br><br>36. പകുതിയും കാൽഭാഗവും കണ്ടെത്തൽ | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| 1. പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക | 1. പ്രകൃതി നടത്തം | ജൂൺ - ജൂലൈ | |
| | 2. പ്രകൃതി സംരക്ഷണ പോസ്റ്റർ നിർമ്മാണം പ്രദർശനം | | |
| 2. കുട്ടികളെ വ്യക്തി ശുചിത്വവും പരിസര ശുചിത്വവും ഉള്ളവരാക്കി മാറ്റുക | 3. വൃക്ഷത്തൈ നടീൽ | | |
| | 4. വ്യക്തി ശുചിത്വം പരിസര ശുചിത്വം- ആവശ്യകത -ചർച്ച ICT | | |
| 3. ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താല്പര്യവും വളർത്തുക | 5. ശുചിത്വ ലീഡറിനെ തിരഞ്ഞെടുക്കൽ | | |
| | 6. ജൈവ അജൈവ മാലിന്യ ശേഖരണത്തിനായി ബിന്നുകൾ സ്ഥാപിക്കൽ | | |
| 4. ശാസ്ത്രപ്രക്രിയശേഷികൾ ഉറപ്പിക്കുക( നിരീക്ഷണം താരതമ്യം വർഗ്ഗീകരണം അപഗ്രഥനം.....) | 7. പച്ചക്കറി തോട്ട നിർമ്മാണം | | |
| | 8. ചുറ്റുപാടുമുള്ള ജീവികളെ നിരീക്ഷിച്ചു പട്ടികപ്പെടുത്തൽ | ജൂൺ - മാർച്ച് | |

| | | | |
|---|---|---|---|
| 5. ശാസ്ത്രലാബ് ശാസ്ത്ര പരീക്ഷണ മൂലകൾ എന്നിവയുടെ സാധ്യതകൾ പരപ്രയോജനപ്പെടുത്തി ശാസ്ത്ര പഠനം രസകരമാക്കുന്നു | 9. ICT<br>10. വിത്തു മുളക്കൽ പരീക്ഷണം സ്കൂളിലും വീട്ടിലും ഐസിടി വഴി പരീക്ഷണം നിരീക്ഷിക്കൽ<br>11. നിരീക്ഷണ കുറുപ്പ് തയ്യാറാക്കൽ<br>12. പരീക്ഷണ മൂല 13. വേരിന്റെ ധർമ്മം മഷിത്തണ്ട് പരീക്ഷണം<br>13. ഇല പ്രിന്റ് ആൽബം തയ്യാറാക്കൽ<br>14. ഇലകൾ കൊണ്ട് ജീവികളുടെ രൂപത്തിൽഒട്ടിക്കൽ<br>15. വിവിധതരം സസ്യങ്ങൾ വർഗീകരണം<br>16. അക്ഷര ചിത്രങ്ങൾ- ആൽബം<br>17. .വിരൽ ചിത്രങ്ങൾ ആൽബം | ആഗസ്റ്റ് - ഒക്ടോബർ | |

| | | | |
|---|---|---|---|
| 6. ശാസ്ത്ര പഠനത്തിൽ കുട്ടികളെ ആകൃഷ്ടരാക്കി പഠനം ആസ്വാദ്യകരമാകുന്നു | 18. കടൽ ജീവികൾ പരിചയപ്പെടൽ സഞ്ചാര രീതി തിരിച്ചറിയൽ<br>19. ചിത്രശലഭം നിരീക്ഷണം ജീവിതചക്രം-ICT<br>20. ജൈവവൈവിധ്യ ഉദ്യാനം തയ്യാറാ കൽ<br>21. മഴയ്ക്ക് ശേഷം നിരീക്ഷണം താരതമ്യം<br>22. കലക്കവെള്ളം തെളിനീരാക്കൽ പരീക്ഷണം<br>23. വിവിധതരം മണ്ണ് പരിചയപ്പെടൽ വർഗീകരണം<br>24. പാവ നാടകം<br>25. ജലജന്യ രോഗങ്ങൾ ലിസ്റ്റ് ചെയ്യൽ<br>26. പരിസ്ഥിതി ഗാനങ്ങൾ പാടുന്നു | നവമ്പർ - മാർച്ച് | |

# യു. പി

# മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| 1. മലയാളഭാഷയിൽ പിന്നോക്കം നിൽക്കുന്നവർക്ക് എഴുതുവാനും വായിക്കാനും ഉള്ള ശേഷി വികസിപ്പിക്കുക | • കഥാ വായന<br>• ഇഷ്ടവാക്യം കണ്ടെത്തൽ<br>• പദ കാർഡ് അക്ഷരക്കാർഡ്<br>• വായനാ കാർഡുകൾ എന്നിവ ഉപയോഗിച്ച് പരിശീലനം നൽകുന്നു.<br>• ചിഹ്നങ്ങൾ ഉറപ്പിക്കുന്നതിനായി വീഡിയോ പ്രദർശനത്തിലൂടെ കഥ കവിത എന്നിവ പരിചയപ്പെടുത്തുന്നു | ജൂൺ ജൂലൈ | മലയാളം അധ്യാപകർ |
| 2. വിവിധ വ്യവഹാര രൂപങ്ങളിലുള്ള സൃഷ്ടികൾ വായിച്ചും കേട്ടും ആസ്വദിക്കുന്നതിനുള്ള ശേഷി നേടുക | • കുറിപ്പ് തയ്യാറാക്കൽ<br>• തലക്കെട്ട് നൽകൽ<br>• അവതരണം<br>• മെച്ചപ്പെടുത്തൽ<br>• ക്രോഡീകരണം | 1 വർഷം | |
| 3. വിവിധ വ്യവഹാര രൂപത്തിലുള്ള സാഹിത്യരൂപങ്ങൾ | • ആസ്വാദനക്കുറിപ്പ് വിശകലനക്കുറിപ്പ് ഡയറി പത്രവാർത്ത അനുഭവക്കുറിപ്പ് യാത്രാവിവരണം വർണ്ണന സംഭാഷണം പ്രയോഗ ഭംഗി പോസ്റ്റർ | 6 മാസം | |

| | | | |
|---|---|---|---|
| സൃഷ്ടിക്കുന്നതിനുള്ള ശേഷി നേടുന്നു സർഗാത്മക കഴിവുകൾ വികസിക്കുന്നു<br>4. ഉന്നത നിലവാരത്തിലുള്ള ശേഷി വികസിപ്പിക്കുന്നതിന്<br><br>5. കുട്ടികളുടെ പഠ്യേതര പ്രവർത്തനങ്ങളിൽ കഴിവ് വികസിപ്പിക്കുന്നതിന്. | എന്നിവ തയ്യാറാക്കുന്നു<br>• കഥ, കവിത, ജീവചരിത്രക്കുറിപ്പ്, ആത്മകഥ യാത്രാനുഭവം എന്നിവ സ്വതന്ത്രമായി രചിക്കുന്നു. പാഠഭാഗങ്ങൾ അഭിനയിച്ചും നിർത്താവിഷ്കാരങ്ങളിലൂടെയും അവതരിപ്പിക്കുന്നു. (പാഠഭാഗങ്ങളുമായി ബന്ധപ്പെടുത്തി)<br><br>• കലാരൂപങ്ങൾ പരിചയപ്പെടുത്തൽ<br>• പതിപ്പ്, സെമിനാർ, അഭിമുഖ ചോദ്യാവലി<br>• ചുമർപത്രിക തയ്യാറാക്കൽ<br>• ശില്പശാലകൾ, രചനാ മത്സരങ്ങൾ, ക്വിസ് സംഘടിപ്പിക്കൽ<br>• കയ്യെഴുത്ത് മാസിക തയ്യാറാക്കൽ<br>• പാഠഭാഗവുമായി ബന്ധപ്പെട്ട ലൈബ്രറി പുസ്തകങ്ങൾ ശേഖരിക്കൽ. | 3. മാസം | |
| 6. സാഹിത്യ അഭിരുചി വളർത്തിയെടുക്കുന്നതിന് | • കവിതയരങ്ങ്, കഥയറിങ്ങ് എന്നിവ സംഘടിപ്പിക്കൽ<br>• സർഗോത്സവം സംഘടിപ്പിക്കുക<br>• പാഠഭാഗവുമായി ബന്ധപ്പെടുത്തി പത്രവായന ആസ്വാദനക്കുറിപ്പ്, കടങ്കഥ എന്നിവ അവതരിപ്പിക്കൽ<br>• പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ഐ.സി.ടി സാധ്യത പ്രയോജനപ്പെടുത്തൽ<br>• വായ്ത്താരികൾ അക്ഷരശ്ലോകം എന്നിവയുടെ അവതരണം<br><br>• സാഹിത്യ ക്ലബ്ബ് രൂപീകരിക്കൽ<br>• സാഹിത്യകാരന്മാരെ പരിചയപ്പെടൽ<br>• അഭിമുഖം<br>• സാഹിത്യകാരന്മാരുടെ ചിത്രങ്ങൾ ശേഖരിക്കൽ<br>• പുസ്തക ശേഖരണം<br>• മഹത് വചനങ്ങൾ ശേഖരിക്കൽ<br>• ജീവചരിത്രക്കുറിപ്പുകൾ കവിതകൾ പ്രദർശിപ്പിക്കൽ<br>• ആർട്ട് ഗ്യാലറി സന്ദർശിക്കൽ | മാസത്തിൽ ഒരു തവണ<br><br>1 വർഷം | |

# UP
# ENGLISH

| AIM | ACTIVITIES | TIME | TEACHER IN CHARGE |
|---|---|---|---|
| 1. Listen to good English and speaks accordingly to the situation | • Dance with the music plays songs and allowed to dance along with it | **JUNE** | |
| | • Prepare simple flowers from colour papers through instructions | | |
| | • Draw it and speak draw the picture through instructions | | |
| | • Using ICT simple stories are present and responses to some simple interaction questions | **JUNE** | |
| | • Let's enjoy the movie funny movies are shown and explain about it in Simple sentences | **JULY – AUGUST** | |
| | • Give simple instructions and enacts it | **SEPTEMBER** | **ENGLISH TEACHERS** |
| | • Give instructions of (rules) games in English and allows to play | | |
| | • Come and sing with me allowed to hear songs and instructed to sing along | **JUNE** | |
| | • Treasure Hunt fine fine out a hidden pressure according to the instructions given | **OCTOBER** | |
| 2. Allows ample opportunities to speak in English | • Shows videos of simple conversations and gives opportunities for role play them | **OCTOBER** | |
| | • Speaks about objects places persons etc using adjectives | | |

| | | | |
|---|---|---|---|
| | • Retelling the story after reading the story<br>• Talk about the movies (appreciation)<br>• Sings famous English Songs through training Cook the broth explain recipes of simple curries Read it paste it.<br>• Ask questions about a fixed topic<br>• Pics about definite topic in a simple sentence<br>• Engages in presenting Skits | OCTOBER<br>NOVERMBER | |
| 3. Reads English easily with facial expressions and a proper intonations punctuations voice modulations etc | • Allows to read simple picture story<br>• Reads simple reading cards/ story cards<br>• Familiarises the profile of eminent personalities and allows them to read<br>• Allows to read the book reviews of some eminent writers<br>• Reads simple rhymes and recites poems.<br>• Reads English news elegantly | DECEMBER<br>JANUARY | |

| | | | |
|---|---|---|---|
| 4. Writes different discourses and confidently presents it | • Reads preview of novel place short stories etc<br>• Reads the sentences pasted on different corners and rearranges it in a correct sequence<br>• Writes on different role plays and present it confidently<br>• Prepare notices posters placards etc<br>• Rewrite symbol sentences of a story written somewhere<br>• Prepare the script of skits and presents it<br>• prepares proverbs riddles etc and engages in presenting it. Develop the remaining story<br>• Preparing word dictionary from the TB or new paper | ~~JULY~~ Feb<br>~~JULY~~ Feb.<br>MARCH | |

# യു.പി

# ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
| --- | --- | --- | --- |
| ➢ ക്ലാസ്സ് 5<br>• അക്ഷര ബോധം ഉറപ്പിക്കൽ ഹിന്ദി അഞ്ചാന്തരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും പരിചയപ്പെടാനും അവസരം ഒരുക്കുക പഠിപ്പിച്ചു എടുക്കുക<br>• ഹിന്ദി സംസാരം<br>➢ ക്ലാസ്സ് 6 | • പുതിയ പദങ്ങൾ പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങൾ മനസ്സിലാക്കും<br>• അക്ഷരമാല അടങ്ങിയ കാർഡ് നൽകും<br>• അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുകയും എഴുതിപ്പിക്കുകയും ചെയ്യും<br>• ക്ലാസ്സിൽ അക്ഷരമാല പ്രദർശനം<br>• भाषाई खेल<br>• ചെറിയ വാർത്താ ലാബ് നൽകി റോൾപ്ലേക്ക് അവസരം<br>• ദൃശ്യാവിഷ്കാരം<br>• നിരന്തരം പുസ്തകം വായിച്ചു കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും | ജൂൺ - ഒക്ടോബർ<br>ഒക്ടോബർ - ഫെബ്രുവരി | |

| | | | |
|---|---|---|---|
| • ഹിന്ദി വായന തെറ്റു കൂടാതെ ഹിന്ദി വായിപ്പിക്കുവാനുമുള്ള പരിശീലനം<br><br>• ഹിന്ദി അനായാസം എഴുതൽ, വായിക്കൽ പോസ്റ്റ് തയ്യാറാക്കൽ ചിത്രകഥ തയ്യാറാക്കൽ കവിതപൂർത്തിയാക്കൽ<br><br>➢ ക്ലാസ്സ് 7<br><br>• ഹിന്ദി എഴുതുവാനും വായിക്കുവാനും | • ഓഡിയോ കേൾപ്പിച്ച് അതിന് അതിനൊപ്പം വായിക്കുവാൻ അവസരം നൽകും<br>• chain reading നടത്തും<br>• Worksheet നൽകുന്നു<br>• വായനാ കാർഡ് നൽകുന്നു<br>• പോസ്റ്റർ മോഡൽ നൽകുന്നു<br>• കവിത പൂരിപ്പിക്കുവാൻ നൽകുന്നു<br>• റോൾപ്ലെ സ്കിറ്റ്<br>• നിരന്തരം പുസ്തകം വായിച്ചു കേൾപ്പിച്ചു ഓഡിയോ കേൾപ്പിച്ചും അതിനൊപ്പം വായിച്ചും വായനയിലേക്ക് ആകർഷിപ്പിക്കും | ജൂൺ - സെപ്റ്റംബർ<br><br>ഒക്ടോബർ - ഫെബ്രുവരി<br><br>ജൂൺ - സെപ്റ്റംബർ | |

| | | | |
|---|---|---|---|
| പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു<br>• ദിനാചരണങ്ങൾ<br>• ഹിന്ദി അസംബ്ലി<br>• ഹിന്ദി സംസാരം ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവ് ഉണ്ടാക്കിയെടുക്കും നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാൻ പരിശീലിപ്പിക്കുക | • ദിനാചരണവുമായി ബന്ധപ്പെട്ട് ഹിന്ദി പോസ്റ്റർ തയ്യാറാക്കൽ<br>• പ്രാർത്ഥന പ്രതിജ്ഞ വാർത്ത ചിന്താവിഷയം ജികെ എന്നിവ ഉൾപ്പെടുത്തി നടത്തും<br>• ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും<br>• അവരുടെ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കുക<br>• റോൾപ്ലേ, സ്കിറ്റ്, ദൃശ്യാ ഭാസ് എന്നിവ നടത്തും | ആഗസ്റ്റ് - ഫെബ്രുവരി<br><br>ഒക്ടോബർ - ഫെബ്രുവരി | |

# യു.പി
# ഗണിതം

| | | | |
|---|---|---|---|
| 4. ഗണിതം മധുരമാക്കൽ | ഗണിത പാർക്ക്<br>4. ജാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയം മുറ്റത്ത് പാർക്ക് സജ്ജമാക്കൾ<br>ഗണിത ഗ്രാമം | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് |
| 5. ഗണിത മേഖലയിൽ കുട്ടികളുടെ താല്പര്യം വർദ്ധിപ്പിക്കൽ | 5. ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ മറ്റു വിദ്യാലയങ്ങളിലും മറ്റു മേഖലകളിലും പ്രവർത്തിക്കുന്നവർ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താല്പര്യ ഉണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു<br>ഐടി സാധ്യതകളിലൂടെ | വർഷത്തിൽ അഞ്ചോ ആറോതവണ | |
| 6. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | 6. ജാമിതീയ രൂപങ്ങൾ ചതുഷ്ക്രിയകൾ ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐടി സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു.<br>ഗണിത ക്ലിനിക്ക് | ആഗസ്റ്റ് സെപ്റ്റംബർ | ഗണിത അധ്യാപകർ |
| 7. ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു | 1. ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗനിർദേശങ്ങൾ നൽകുന്നു പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു<br>ദിനാചരണം | | |

| | | |
|---|---|---|
| [redacted] മായ ഭക്ഷണശീലം എന്ന ... ആരോഗ്യ പ്രവർത്തകനുമായി ... ത്തുന്നു | ഓഗസ്റ്റ് | സാമൂഹ്യ... അധ്യാ... |
| [redacted] ഷകനുമായി അഭിമുഖം നടത്തി ... ുകളുടെ വൈവിധ്യത്തെക്കുറിച്ച് ... യ്യാറാക്കുന്നു. | സെപ്റ്റംബർ | |
| [redacted] ഏതെങ്കിലും കൈത്തറി കേന്ദ്രം ... നിർമ്മാണ രീതിയെക്കുറിച്ച് ... രിക്കുന്നു. | ഒക്ടോബർ | സാമൂ... അധ്യാ... |
| | | |